പുനലൂർ താലൂക്ക് ആശുപത്രിയിൽ പുതിയ പദ്ധതികൾ

32 (4903) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ പി.എച്ച്.സി.യിൽ 8 ഡോക്ടർമാർ വേണ്ടുന്ന സ്ഥാനത്ത് നിലവിൽ 2 പേരെയുള്ളുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനലൂർ താലൂക്കാശുപത്രിയിൽ 1-7-2010 മുതൽ സ്പെഷ്യാലിറ്റി ഒ.പി. സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഒ.പി. ഡിപ്പാർട്ടുമെന്റിൽ ഇലക്ട്രോണിക് ക്യൂ സംവിധാനം നടപ്പിലാക്കി. പുതിയ ഒ.പി. കൗണ്ടറിന്റെ നിർമ്മാണം, കമ്പ്യൂട്ടർവൽക്കരണം, രോഗികൾക്കുള്ള വെയിറ്റിംഗ് ഷെഡിന്റെ നിർമ്മാണം എന്നിവ നടന്നുവരുന്നു. കൂടാതെ, ആരോഗ്യകേരളം പദ്ധതിയിൽപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) അഞ്ചൽ പി.എച്ച്.സി. യിൽ സിവിൽ സർജന്റെ ഒന്നും അസിസ്റ്റന്റ് സർജന്റെ മൂന്നും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അവിടെ 3 അസിസ്റ്റന്റ് സർജർമാരുടെയും സേവനം ലഭ്യമാണ്. ഒഴിവുള്ള സിവിൽ സർജന്റെ തസ്തികയിൽ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തികകൾ

33 (4904) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലും, കല്ലൂപ്പാറ, കുന്നന്താനം, ആനിക്കാട്, കോട്ടാങ്ങൽ, കൊറ്റനാട്, എഴുമറ്റൂർ, പുറമറ്റം, ഓതറ, തെള്ളിയൂർ ഹെൽത്ത് സെന്ററുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തിക എത്ര ; ഇതിൽ ആളുണ്ടോ ; എങ്കിൽ എവിടെ, എത്ര, ഓരോന്നും വ്യക്തമാക്കുമോ ;

(ബി) അടിയന്തരമായി കുറവു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്ഥലങ്ങളിൽ നഴ്സുമാരുടെ കുറവുണ്ടോ ; എങ്കിൽ പരിഹരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവുണ്ടോ ; എങ്കിൽ പരിഹരിക്കുമോ ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ)

സ്ഥാപനങ്ങളുടെ പേര്	അസിസ്റ്റന്റ് നിലവിലുള്ള തസ്തിക	സർജൻ ഇപ്പോഴുള്ള എണ്ണം	ഒഴിവ്
മല്ലപ്പള്ളി താലൂക്ക് ആശുപത്രി	3	2	1
പി.എച്ച്.സി,കല്ലൂപ്പാറ	2	2	0
കുന്നന്താനം പി.എച്ച്.സി.	1	1	0
ആനിക്കാട് പി.എച്ച്.സി.	1	1	0
കോട്ടാങ്ങൽ പി.എച്ച്.സി.	3	2	1
കൊറ്റനാട്. പി.എച്ച്.സി.	3	3	0
പുറമറ്റം, പി.എച്ച്.സി.	1	1	0
ഓതറ, പി.എച്ച്. സി.	3	2	1
തെള്ളിയൂർ. പി.എച്ച്.സി.	3	2	1

കൂടാതെ മല്ലപ്പള്ളി താലൂക്ക് ആശുപത്രി, കല്ലൂപ്പാറ പി.എച്ച്.സി. എന്നീ ആശുപത്രികളിൽ നിലവിലുള്ള ഓരോ സിവിൽ സർജൻമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടേയും, ഹെഡ് നഴ്സുമാരുടേയും കുറവ് അനുഭവപ്പെടുന്നില്ല.

(ഡി) ഫാർമസിസ്റ്റ് തസ്തികയിൽ ഈ സ്ഥാപനങ്ങളിലെല്ലാംതന്നെ തസ്തികകൾക്കനുസൃതമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എഴുമറ്റൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ നിയമിച്ചിരിക്കുന്നതിനാൽ അവശ്യസേവനം ഉറപ്പുവരുത്തുന്നതിനായി എൻ.ആർ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിനെ താത്ക്കാലികമായി ടി സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലൊന്നുംതന്നെ ഡയറ്റീഷ്യൻ, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകൾ നിലവിൽ ഇല്ല.

എഴുമറ്റൂർ ഹെൽത്ത് സെന്ററിൽ ലാബ് ടെക്നീഷ്യന്റെ നിലവിലുള്ള ഒഴിവിൽ എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ ആളെ നിയമിച്ചിട്ടുണ്ട്. മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ റേഡിയോഗ്രാഫറുടെ നിലവിലുള്ള ഒരൊഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നികത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly